**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6455** **10-11-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ-ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുകളുടെ ജോയിന്റ് വെരിഫിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 01.01.1977 ന് മുമ്പുള്ള കൈവശഭൂമി റവന്യൂ-ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി അർഹരായവർക്ക് പട്ടയം നൽകുന്ന നടപടി വിശദമാക്കാമോ; | (എ) | 'The kerala Land Assignment (Regularisation of Occupations of Forest Lands Prior to 01.01.1977) Special Rules, 1993 അനുശാസിക്കുന്ന പ്രകാരവും ആയതിലെ 2 മുതൽ 8 വരെയുള്ള സെക്ഷനുകളിൽ പരാമർശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചും 01.01.1977 ന് മുമ്പുള്ള കൈവശ ഭൂമി റവന്യൂ-ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയാണ് അർഹരായവർക്ക് പട്ടയം നൽകുന്നത്. 01.01.1977 ന് മുമ്പുള്ള കൈവശഭൂമിക്ക് പട്ടയം അനുവദിക്കണമെന്ന് കാണിച്ച് ലഭിക്കുന്ന അപേക്ഷകളിൽ റവന്യൂ-സർവ്വേ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തുകയും അർഹതയുള്ള അപേക്ഷകൾ കണ്ടെത്തുകയും ചെയ്യുന്നു. ഇത്തരം ഭൂമികളുടെ ഗ്രൂപ്പ് സ്കെച്ച് തയ്യാറാക്കി ഓരോ കൈവശഭൂമിയുടെയും വിസ്തൃതി തിട്ടപ്പെടുത്തിയതിനു ശേഷം പ്രസ്തുത വിവരങ്ങൾ ഗൂഗിൾ മാപ്പിംഗ് നടത്തുന്നതിനായി കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ 'പരിവേഷ്' പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും അപ് ലോഡ് ചെയ്യുന്ന വിവരങ്ങളുടെ ഹാർഡ് കോപ്പി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകുകയും ഡി.എഫ്.ഒ മാർ റിപ്പോർട്ട് / റിമാർക്സ് അപ് ലോഡ് ചെയ്യുകയും വനം വകുപ്പിന്റെ വ്യത്യസ്ത തലങ്ങളിലെ പരിശോധനകൾക്ക് ശേഷം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്യുന്നു. അനുമതി ലഭ്യമാകുന്ന മുറക്ക് പതിച്ച് നൽകേണ്ട ഭൂമികൾ വനംവകുപ്പ് ഡിസ്റിസർവ് ചെയ്യുകയോ വിട്ടു നൽകുകയോ ചെയ്താൽ റവന്യൂ രേഖകളിൽ മാറ്റം വരുത്തി പട്ടയം നൽകുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിക്കുന്നു. |
| (ബി) | ഏതെല്ലാം ജില്ലകളിൽ ജോയിന്റ് വെരിഫിക്കേഷൻ | (ബി) | അനുബന്ധം (എ) ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പൂർത്തിയായി; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാത്ത ജില്ലകൾ ഏതെല്ലാം; പ്രസ്തുത ജില്ലകളിൽ എന്നത്തേക്ക് വെരിഫിക്കേഷൻ പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കുമോ? | (സി) | ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാത്ത ജില്ലകളുടെ വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (എ)

| ക്രമ നം | ജില്ല | ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചതാണോ? | വിശദാംശങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | നടപടി പുരോഗമിക്കുന്നു. | 01.01.1977 ന് മുമ്പുള്ള റവന്യൂ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി ജി.പി.എസ് സർവ്വെ ചെയ്ത് ടി സ്ഥലത്തിന്റെ ഔട്ടർ ബൗണ്ടറിയുടെ കോ-ഓർഡിനേറ്റ്സ് "പരിവേശ്" സൈറ്റിൽ അപ്.ലോഡ് ചെയ്യുന്നതിനായുള്ള ജി.പി.എസ് സർവ്വെ നടപടികൾ നെടുമങ്ങാട് താലൂക്കിൽ നടന്നു വരുന്നു. |
| 2 | കൊല്ലം | പൂർത്തീകരിച്ചു | 529.9316 ഹെക്ടർ വനഭൂമിയുടെ ജോയിന്റ് വെരിഫിക്കേഷനാണ് ജില്ലയിൽ പൂർത്തീകരിച്ചിട്ടുള്ളത്. ആയതിൽ 1993 കാലയളവിൽ 70 ഹെക്ടർ ഭൂമിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതും 325 പേർക്ക് പട്ടയം നൽകിയിട്ടുള്ളതുമാണ്. ശേഷിക്കുന്ന 459.9316 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായുള്ള നിയമാനുസൃത നടപടികൾ നടന്നുവരുന്നു. |
| 3 | പത്തനംതിട്ട | പൂർത്തീകരിച്ചു | പത്തനംതിട്ട ജില്ലയിൽ സംയുക്ത പരിശോധന നടത്തുന്നതിന് സർക്കാരിന്റെ അനുവാദം ലഭിച്ചിരുന്ന മുഴുവൻ ഭൂമിയുടെയും സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. 01.01.1977 ന് മുമ്പ് വനഭൂമി കൈയേറി കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേക്കായി വനംവകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ വനഭൂമി കൈയേറിയിട്ടുള്ളതായി കണ്ടെത്തിയ 6362 കൈവശങ്ങളിലായി 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ Proposal No. FP/KL/ENCRH/8556/2012 ആയി കേന്ദ്ര |

| | | | |
|---|---|---|---|
| | | | ഗവൺമെന്റിന്റെ അനുമതിക്കായി വനംവകുപ്പിന്റെ സഹായത്തോടുകൂടി നിർദ്ദേശപ്രകാരമുള്ള രേഖകളെല്ലാം ഓൺലൈനായി സമർപ്പിച്ചിട്ടുണ്ട്. ജില്ലയിൽ 60.5 ഹെക്ടർ ഭൂമിക്ക് മുമ്പ് കേന്ദ്ര അനുമതി ലഭിച്ചിരുന്നു. ആയത് പ്രകാരം പട്ടയവിതരണം നടത്തിയിട്ടുള്ളതാണ്. |
| 4 | ആലപ്പുഴ | സംയുക്ത പരിശോധന സംബന്ധിച്ച കേസുകൾ ജില്ലയിൽ ഇല്ല. | |
| 5 | കോട്ടയം | 103.6190 ഹെക്ടറിന്റെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചു. | കാഞ്ഞിരപ്പള്ളി താലൂക്കിൽ, മണിമല വില്ലേജിൽ ഉൾപ്പെടുന്ന ആലപ്ര പ്രദേശത്ത് 04.01.2001 ൽ വനം-റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. സംയുക്ത പരിശോധന നടത്തിയ ഭൂമിയുടെ ആകെ വിസ്തീർണ്ണം 103.6190 ഹെക്ടർ ആണ്. സംയുക്ത പരിശോധനാ ലിസ്റ്റ് പ്രകാരം 668 കൈവശക്കാർ ടി പ്രദേശത്ത് ഉള്ളതായി കാണുന്നു.<br>ടി പ്രദേശങ്ങൾ ഉൾപ്പെടുന്ന ആലപ്ര, പൊന്തൻപുഴ, വലിയകാവ് എന്നീ വനപ്രദേശങ്ങളുടെ അവകാശം സംബന്ധിച്ച് സ്വകാര്യവ്യക്തികൾ ബഹു. കോടതി മുമ്പാകെ സമർപ്പിച്ച MSA-1/81 നമ്പർ കേസിന്റെ 10.01.2018 ലെ വിധി പ്രകാരം ആലപ്ര റിസർവ് വനപ്രദേശത്തിൽ സ്വകാര്യ വ്യക്തികൾക്ക് പ്രമാണപരമായ അവകാശം അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ ടി വനഭൂമിയുടെ അവകാശം ഭാഗീകമായി സ്വകാര്യ വ്യക്തികൾക്ക് വന്നുചേർന്നിരിക്കുകയാണ്. ഇതിനെതിരെ വനംവകുപ്പ് ബഹു. ഹൈക്കോടതി മുമ്പാകെ RP – 182/2018 നമ്പരായി സമർപ്പിച്ചിരുന്ന റിവ്യൂ ഹർജ്ജി തള്ളിപ്പോയിട്ടുള്ളതും ടി വിധികൾക്കെതിരെ വനംവകുപ്പ് ബഹു. സുപ്രീംകോടതി മുമ്പാകെ SLP(c) No. 15337 – 15338/2019 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും നടപടിയിലിരിക്കുന്നതുമാണ്. |
| 6 | ഇടുക്കി | ഇടുക്കി ജില്ലയിൽ വനം | ഇടുക്കി ജില്ലയിൽ വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനാ ലിസ്റ്റ് പ്രകാരം |

| | | | |
|---|---|---|---|
| | | റവന്യൂ വകുപ്പുകളുടെ സംയുക്തപരിശോധനാ ലിസ്റ്റ് പ്രകാരം കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത് 5000 ഹെക്ടർ ഭൂമിയാണ്. ജില്ലയിൽ പുതുതായി സംയുക്ത പരിശോധനാ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. | കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത് 5000 ഹെക്ടർ ഭൂമിയാണ്. ആയതിൽ 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 2518.5726 ഹെക്ടർ ഭൂമി പതിച്ചു നല്കിയിട്ടുള്ളതും 4792 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. നിലവിൽ സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ട് 5644 അപേക്ഷകൾ ശേഷിക്കുന്നുണ്ട്. |
| 7 | എറണാകുളം | പൂർത്തീകരിച്ചു | എറണാകുളം ജില്ലയിൽ സംയുക്ത പരിശോധന നടത്തുന്നതിന് സർക്കാരിന്റെ അനുവാദം ലഭിച്ചിരുന്ന മുഴുവൻ ഭൂമിയുടെയും സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| 8 | തൃശ്ശൂർ | പൂർത്തീകരിച്ചു | തൃശ്ശൂർ, തലപ്പിള്ളി, മുകുന്ദപുരം, ചാലക്കുടി, കുന്നംകുളം താലൂക്കുകളിൽ ആദ്യഘട്ടത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| 9 | പാലക്കാട് | നടപടി പുരോഗമിക്കുന്നു | 2004-2005 കാലഘട്ടത്തിൽ വനം- റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന പൂർത്തിയാക്കിയതാണ്. എന്നാൽ നെന്മാറ, ആലത്തൂർ, മണ്ണാർക്കാട് എന്നീ പ്രദേശങ്ങളിൽ വിസ്തീർണ്ണത്തിൽ വ്യത്യാസം കാണുന്നതിനാൽ ടി പ്രദേശങ്ങളിൽ വീണ്ടും സംയുക്ത പരിശോധന ആവശ്യമാണെന്നും GPS ഉൾപ്പെടുത്തി വീണ്ടും സർവ്വേ നടപടികൾ ആവശ്യമാണെന്നും DFO ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വീണ്ടും സംയുക്ത പരിശോധന നടത്തുന്നതിന്റെ പ്രാഥമിക നടപടികളുടെ ഭാഗമായി സർവ്വെയർമാരെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 10 | മലപ്പുറം | പൂർത്തീകരിച്ചു | റവന്യൂ വനംവകുപ്പ് സംയുക്ത പരിശോധന നടത്തി പൂർത്തീകരിച്ചിരുന്നതും 674 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതുമാണ്. wp(c) – 4501/2018 നമ്പർ കേസ്സിലെ 08.11.2018 ലെ വിധിന്യായ പ്രകാരം നിക്ഷിപ്ത വനഭൂമിയിലെയോ, പരിസ്ഥിതി ദുർബല മേഖലയിലേയോ കയ്യേറ്റങ്ങൾ ക്രമവൽക്കരിക്കാൻ കഴിയില്ല. മേൽപറഞ്ഞ 674 കേസുകളിൽ 4 കേസുകൾ മാത്രമേ ഇത്തരത്തിൽ പരിഗണിക്കാൻ കഴിയു എന്ന് ചീഫ് കൺസർവേറ്റർ ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത 4 കേസ്സുകൾ റിപ്പോർട്ട് ചെയ്യുന്നതിന് സി.സി.എഫ്, ഈസ്റ്റേൺ സർക്കിളിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയത് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| 11 | കോഴിക്കോട് | ഭാഗികമായി പൂർത്തീകരിച്ചു | കോഴിക്കോട് ജില്ലയിൽ 62.0375 ഹെക്ടർ ഭൂമിയിലെ ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. |
| 12 | വയനാട് | പൂർത്തീകരിച്ചു | ജില്ലയിൽ 3 താലൂക്കുകളിലായി സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതും അർഹരായ 1156 കൈവശക്കാരുടെ വിവരങ്ങൾ google Map ൽ Up load ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. പ്രസ്തുത പ്രവൃത്തി പൂർത്തിയായതിന് ശേഷം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളു. |
| 13 | കണ്ണൂർ | പൂർത്തീകരിച്ചു | |
| 14 | കാസർഗോഡ് | സംയുക്ത പരിശോധന സംബന്ധിച്ച കേസുകൾ ജില്ലയിൽ ഇല്ല. | |

## അനുബന്ധം (ബി)

| ക്രമ നം | ജില്ലകൾ | മറ്റ് വിശദാംശങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 01.01.1977 ന് മുമ്പുള്ള റവന്യൂ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി ജി.പി.എസ് സർവ്വെ ചെയ്ത് ടി സ്ഥലത്തിന്റെ ഔട്ടർ ബൗണ്ടറിയുടെ കോ-ഓർഡിനേറ്റ്സ് "പരിവേശ്" സൈറ്റിൽ അപ്.ലോഡ് ചെയ്യുന്നതിനായുള്ള ജി.പി.എസ് സർവ്വെ നടപടികൾ നെടുമങ്ങാട് താലൂക്കിൽ നടന്നു വരുന്നു. |
| 2 | കോട്ടയം | കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിൽ പെട്ടതും ഹിൽമെൻ സെറ്റിൽമെന്റ് പ്രദേശങ്ങളിൽ ഉൾപ്പെട്ടതുമായ വസ്തുക്കൾ റിസർവ്വ് വനത്തിന്റെ സ്റ്റാറ്റസ്സിലുള്ളതാണ്. ടി പ്രദേശങ്ങളിൽ ആദിവാസികൾക്കൊപ്പം ഇതര വിഭാഗത്തിൽപ്പെട്ട ആളുകളും വനഭൂമി കൈവശപ്പെടുത്തിയിട്ടുള്ളതാണ്. അടിസ്ഥാന ഭൂനികുതി രജിസ്റ്റർ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റ്, റിസർവ്വ് വനം, സർക്കാർ വനം എന്നീ തരത്തിൽപ്പെട്ട ഭൂമിയുടെ കൈവശം ക്രമീകരിക്കുന്ന വിഷയത്തിൽ വനംവകുപ്പുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തത ആവശ്യമാണ്. പ്രസ്തുത ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടില്ല. |
| 3 | പാലക്കാട് | പാലക്കാട് ജില്ലയിലെ നേരത്തെ സംയുക്ത പരിശോധന പൂർത്തിയാക്കിയ നെൻമാറ, ആലത്തൂർ, മണ്ണാർക്കാട് എന്നീ പ്രദേശങ്ങളിൽ GPS ഉൾപ്പെടുത്തി വീണ്ടും സംയുക്ത പരിശോധന ആവശ്യമാണെന്ന് DFO ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വീണ്ടും സംയുക്ത പരിശോധന നടത്തേണ്ടതുണ്ട്. |
| 4 | കോഴിക്കോട് | കോഴിക്കോട് ജില്ലയിൽ 62.0375 ഹെക്ടർ ഭൂമിയിലെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 11.39808 ഹെക്ടർ ഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. |